## നബാർഡിന്റെ ധനസഹായത്തോടെ തരൂർ മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ

**3 (1371)** <u>ശ്രീ. എ. കെ. ബാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നബാർഡിന്റെ ധനസഹായത്തോടെ തരൂർ മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം നബാർഡിന്റെ ധനസഹായത്തോടെ പാലക്കാട് ജില്ലയിൽ നടപ്പിലാക്കുന്നതിനായി തയ്യാറാക്കി അയച്ച പ്രൊപ്പോസലുകൾ ഏതെല്ലാമാണെന്ന് നിയമസഭാമണ്ഡലം തിരിച്ച് വിശദമാക്കുമോ ;

(സി) ഇതിൽ ഏതെല്ലാം പ്രൊപ്പോസലുകൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; അവയുടെ തുടർനടപടികൾ ഏതുവരെയായെന്നും വ്യക്തമാക്കുമോ ;

(ഡി) 2015-16 വർഷം പാലക്കാട് ജില്ലയിൽ നബാർഡിന്റെ ധനസഹായത്തോടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രോജക്ടുകൾ ഏതെല്ലാമാണെന്ന് നിയമസഭാ മണ്ഡലം തിരിച്ച് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നബാർഡ് ആർ.ഐ.ഡി.എഫ്.-ന്റെ ധനസഹായത്തോടെ തരൂർ മണ്ഡലത്തിൽ പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല. കുത്തനൂർ ഗ്രാമപഞ്ചായത്തിലെ കുത്തനൂർ-പേഴുംകാട് തോട് ലിഫ്റ്റ് ഇറിഗേഷൻ പ്രവൃത്തി അനുവദിച്ചിരുന്നുവെങ്കിലും നടപ്പിലാക്കിയിട്ടില്ല.

(ബി) അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(സി) നെന്മാറ നിയോജകമണ്ഡലത്തിലെ പനങ്ങാട്ടിരി-ചേപ്പിലോട് റോഡ് (85 ലക്ഷം) നണ്ടൻകീഴായ കോട്ടപ്പള്ളം റോഡ് (25 ലക്ഷം) എന്നീ പ്രവൃത്തികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. പ്രവൃത്തി തുടങ്ങിയിട്ടില്ല.

(ഡി) അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

## തദ്ദേശസ്വയംഭരണങ്ങളിലെ കേന്ദ്രാവിഷ്കൃത പദ്ധതികൾ

**4 (1372)** <u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെല്ലാമാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പദ്ധതികൾ ഓരോന്നിനും 2011-12 മുതൽ 2014-15 വരെയുള്ള കാലയളവിൽ എന്ത് തുക വീതം കേന്ദ്രവിഹിതമായി ലഭിച്ചുവെന്നും ആയതിൽ എത്ര തുക വീതം ചെലവഴിച്ചുവെന്നുമറിയിക്കാമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**ഐ.എ.വൈ. പദ്ധതി**

**5 (1373)** ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ.എ.വൈ പദ്ധതി പ്രകാരം ചാലക്കുടി മണ്ഡലത്തിലെ എത്ര ഗുണ ഭോക്താക്കൾക്കാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വീടുകൾ അനുവദിച്ചിട്ടുള്ളത് ;

(ബി) ധനസഹായം അനുവദിച്ചവർക്ക് നൽകുവാനുള്ള തുകയിൽ കുടിശ്ശിക വരുത്തിയിട്ടുണ്ടോ ;

(സി) ധനസഹായം യഥാസമയം വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

**ഐ.എ.വൈ. പദ്ധതി നടപ്പാക്കുന്നതിനുള്ള ധനസഹായം**

**6 (1374)** ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ.എ.വൈ. പദ്ധതി നടപ്പാക്കുന്നതിനുള്ള ചുമതല ഏത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനാണെന്ന് വ്യക്തമാക്കുമോ ;

(ബി) പദ്ധതി നടപ്പാക്കിയ വകയിൽ പ്രസ്തുത തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് സർക്കാർ വിഹിതം നൽകാനുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly